**മൂശാക്കാലം രണ്ടാം ഞായർ**
**ലൂക്കാ 21:20-28**

**വചനസന്ദേശം**

**ഫാ. ജിയോ മാടപ്പാടൻ**

1923 മാർച്ച് 23-നാണ് ഭഗത്സിംങ് തൂക്കിലേറ്റപ്പെട്ടത്. 23 വയസ്സേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ധീരനായ മനുഷ്യനായിരുന്നു അദ്ദേഹം. ഒരിടവേള ഗാന്ധിജിയേക്കാൾ പ്രശസ്തി അദ്ദേഹത്തിന് ഉണ്ടായിരുന്നു. ഒരു ബ്രിട്ടീഷ് ഓഫീസറെ വധിച്ചതിന്റെ പേരിലാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നത്. അതും അദ്ദേഹം അറസ്റ്റ് വരിച്ചിട്ടാണ്. തൂക്കുകയറിലേക്ക് നടക്കുമ്പോളും അദ്ദേഹം മുദ്രാവാക്യങ്ങൾ മുഴക്കി. തൂക്കുമരത്തിൽനിന്ന് ചുറ്റും നോക്കി. കൊണ്ടുവന്ന തൂക്കുകയർ അമർത്തി ചുംബിച്ചു. യാതൊരുവിധ ഭയവുമില്ലാതെ തലയുയർത്തി, ആ വിപ്ലവകാരി മരണം വരിച്ചു.

ലൂക്കായുടെ സുവിശേഷം നാം ധ്യാനിക്കുന്നു. ജെറുസലേമിന്റെ നാശത്തെക്കുറിച്ചും, പിന്നെ ലോകത്തിന്റെ അവസാനത്തെക്കുറിച്ചും പറഞ്ഞിട്ട് ഈശോ പറയുന്നു, ‘ശിരസുയർത്തി നിൽക്കുവിൻ.’ എല്ലാവരും ഭയക്കുന്ന, പേടിക്കുന്ന, പരിഭ്രമിക്കുന്ന അവസരത്തിലും പ്രത്യാശയോടെ ശിരസ്സുയർത്തി നിൽക്കാനുള്ള ആഹ്വാനമാണ്.

സംഖ്യയുടെ പുസ്തകത്തിൽ 21-ാം അധ്യായത്തിൽ തലയുയർത്തി നോക്കാൻ ആവശ്യപ്പെടുന്നുണ്ട്. ദൈവത്തിനെതിരെ പിറുപിറുത്തതിന്റെ ഫലമായി വന്നു ചേർന്ന സർപ്പങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ഇസ്രായേൽക്കാരുടെ മുന്നിൽ മോശ പിച്ചളസർപ്പത്തെ ഉയർത്തുന്നു. തലയുയർത്തി അതിലേക്ക് നോക്കിയവർ രക്ഷപ്രാപിച്ചു. കൂടാരവാതില്ക്കൽ മക്കളില്ലാത്ത ദുഃഖവും കടിച്ചമർത്തി ഇരുന്ന അബ്രാഹം തലയുയർത്തി നോക്കിയപ്പോഴാണ് കടന്നുപോകുന്ന ദൈവദൂതന്മാരെ കണ്ടതും അവർക്ക് ആതിഥേയത്വം വഹിച്ചതും (ഉല്പ. 18).

ഭയങ്ങളുടെയും, സങ്കടങ്ങളുടെയും, പ്രതിസന്ധികളുടെയും നടുവിൽ ക്രിസ്തുവിലുള്ള വിശ്വാസത്തോടെ തലയുയർത്തി നിൽക്കാൻ സാധിക്കുമോ? ഇംഗ്ലീഷിലെ ഒരു പഴഞ്ചൊല്ല് "Adversity does not build character, but reveals it.' പ്രതിസന്ധികൾ ഒരാളുടെ സ്വഭാവത്തെ നിർമ്മിക്കുകയല്ല വെളിപ്പെടുത്തുകയാണ്. പ്രതിസന്ധികൾ എന്റെ വിശ്വാസത്തെ വെളിപ്പെടുത്തും.

1665-ൽ ഇംഗ്ലണ്ടിൽ പടർന്നുപിടിച്ച പ്ലേഗിന്റെ സമയത്ത് യാം (Eyam) എന്ന ഗ്രാമീണർ ചെയ്ത പ്രവൃത്തി വലിയ മാതൃകയാണ്. മറ്റേതോ ഗ്രാമത്തിൽ നിന്നാണ് അവിടേക്ക് ഈ അസുഖം എത്തിയത്. കുറെപ്പേർ മരിച്ചുവീണു. അപ്പോൾ തന്നെ ആളുകൾ പലായനം ചെയ്യാൻ തീരുമാനിക്കുന്നു. ആ ഗ്രാമത്തിന്റെ വികാരിയച്ചൻ അവരെ പിൻതിരിപ്പിക്കാൻ ശ്രമിക്കുകയാണ്. പലായനം ചെയ്താൽ ചെല്ലുന്ന സ്ഥലത്തിൽ എല്ലാം ഈ രോഗം എത്തും. ആ ഗ്രാമം മുഴുവൻ അവിടെ തന്നെ തുടരാൻ തീരുമാനിച്ചു. 266 പേർ മരിച്ചുവീണെങ്കിലും ആ ഗ്രാമത്തിൽനിന്ന് വേറെ ഒരിടത്തേക്കും അസുഖം എത്താതെ അവർ നോക്കി. ദുരന്തത്തിനിടയ്ക്കും തലയുയർത്തി തന്നെ അവർ നിന്നു.

നിരന്തരമായി രോഗങ്ങളും സാമ്പത്തിക പരാധീനതകളും പിൻതുടരുമ്പോളും മുഖഭാവം പോലും മാറാതെ സധൈര്യം നേരിടുന്നവരെ കണ്ടിട്ടില്ലേ. ക്രിസ്തുവിലുള്ള വിശ്വാസത്തോടെ തലയുയർത്തി നിൽക്കുന്നവരാണ് അവർ. മറ്റുള്ളവർ ഭയന്നു പിന്മാറുമ്പോഴും, പണിപാളുമ്പോഴും പ്രതീക്ഷയോടെ ജീവിക്കുന്നവരാകാനുള്ള കൃപയ്ക്കുവേണ്ടി പ്രാർത്ഥിക്കാം.